# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2892 15.12.2015-ലെ മറുപടിക്ക്

**<u>തമിഴ് മീഡിയം എച്ച്.എസിൽ ഹയർ സെക്കന്ററി അനുവദിക്കണമെന്നുള്ള ആവശ്യം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.രാജു | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം റവന്യൂ ജില്ലയിൽ പുനലൂർ വിദ്യാഭ്യാസ ജില്ലയിൽപെട്ട ഇവക്കാട് തമിഴ് മീഡിയം എച്ച്.എസിൽ ഹയർ സെക്കന്ററി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) കൊല്ലം റവന്യൂ ജില്ലയിൽ പുനലൂർ വിദ്യാഭ്യാസ ജില്ലയിൽ ഇവക്കാട് തമിഴ് മീഡിയം എച്ച്.എസ് എന്ന് പേരായ ഒരു സ്കൂൾ ഇല്ല. എന്നാൽ കൊല്ലം ജില്ലയിലെ കുവക്കാട് ഹൈസ്കൂളിൽ ഹയർ സെക്കന്ററി അനുവദിക്കണമെന്ന നിവേദനം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം ഉൾപ്പെടെയുള്ള തെക്കൻ ജില്ലകളിൽ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ ഉള്ള പഞ്ചായത്തുകളിൽ അധിക ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കാൻ നിലവിൽ സർക്കാർ തീരുമാനമില്ല. |
| (ബി) പ്രസ്തുത സ്കൂൾ നിൽക്കുന്ന തമിഴ് മേഖലയായ പ്രദേശത്തെ തമിഴ് വംശജരായ കുട്ടികൾക്ക് എസ്.എസ.എൽ.സി. പഠനത്തിനുശേഷം തുടർ വിദ്യാഭ്യാസത്തിന് സാധ്യത ഇല്ലാത്തതുമൂലം വിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയതിലേക്ക് എന്ത് പരിഹാരമാർഗ്ഗമാണ് സ്വീകരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) കുവക്കാട് ഹൈസ്കൂൾ നിലനിൽക്കുന്ന കുളത്തുപ്പുഴ പഞ്ചായത്തിൽ നിലവിൽ ഒരു ഹയർ സെക്കന്ററി സ്കൂൾ ഉണ്ട്. പുതിയ ഹയർ സെക്കന്ററി സ്കൂളുകളോ അധിക ബാച്ചുകളോ അനുവദിക്കുന്ന കാര്യത്തിൽ വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സർക്കാർ നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

LSO
Latheesh

സെക്ഷൻ ഓഫീസർ

8